**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4204** **28-10-2021 - ൽ മറുപടിയ്ക്ക്**

**ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനമായ ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡിന് എവിടെയെല്ലാം യൂണിറ്റുകൾ പ്രവൃത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ; | (എ) | ട്രാക്കോ കേബിൾ കമ്പനിയുടെ കീഴിൽ എറണാകുളം ജില്ലയിലെ ഇരുമ്പനം, പത്തനംതിട്ട ജില്ലയിലെ തിരുവല്ല, കണ്ണൂർ ജില്ലയിലെ പിണറായി എന്നിവിടങ്ങളിലായി മൂന്ന് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | ഓരോ യൂണിറ്റിലും എന്തൊക്കെയാണ് ഉല്പാദിപ്പിക്കുന്നത് എന്ന് വിശദമാക്കാമോ; | (ബി) | എറണാകുളത്തെ ഇരുമ്പനം യൂണിറ്റിൽ നിന്ന് കേരള സംസ്ഥാന വൈദ്യുതി ബോർഡിനാവശ്യമായ ആൾ ആലുമിനിയം കണ്ടക്ടർ, സ്റ്റീൽ റീ ഇൻഫോഴ്സ്ഡ് കണ്ടക്ടർ, ആൾ അലോയ് ആലുമിനിയം കണ്ടക്ടർ, വെതർ പ്രൂഫ് കേബിളുകൾ, പി.വി.സി. ഇൻസുലേറ്റഡ് കേബിളുകൾ, സിഗ്നലിങ്ങ് കേബിളുകൾ, കൺട്രോൾ കേബിളുകൾ, എച്ച്.ടി./ എൽ.ടി. ക്രോസ്സ് ലിങ്ക്ഡ് പോളീത്തിൻ കേബിളുകൾ, പേപ്പർ ഇൻസുലേറ്റഡ് കേബിളുകൾ മുതലായ ഉൽപ്പന്നങ്ങൾ നിർമ്മിച്ചു വരുന്നു. തിരുവല്ല യൂണിറ്റിൽ അലുമിനിയം കണ്ടക്ടേഴ്സുകളും പി.വി.സി ഇൻസുലേറ്റഡ് കേബിളുകളും എച്ച്.ടി./എൽ.ടി. ക്രോസ്സ് ലിങ്ക്ഡ് പോളീത്തിൻ കേബിളുകളും, ഭൂഗർഭ കേബിളുകളും നിർമ്മിച്ചു വരുന്നു. പിണറായി യൂണിറ്റിൽ ഗൃഹ വൈദ്യുതീകരണത്തിനാവശ്യമായ വിവിധതരം കേബിളുകൾ നിർമ്മിച്ചു വരുന്നു. |
| (സി) | എന്തെല്ലാം സേവനങ്ങളാണ് പ്രസ്തുത സ്ഥാപനത്തിൽ നിന്നും ലഭ്യമാകുന്നത് എന്നറിയിക്കാമോ; | (സി) | കേരള സംസ്ഥാന വൈദ്യുതി ബോർഡിനാവശ്യമുള്ള കേബിളുകളുടെ 75% ട്രാക്കോ കേബിൾ കമ്പനി മുഖേന ലഭ്യമാക്കുന്നുണ്ട്. കൂടാതെ, വർദ്ധിച്ചുവരുന്ന വിപണന സാധ്യത കണക്കിലെടുത്ത് പൊതുമേഖലയിൽ ആദ്യമായി ഹൗസ് വയറിംഗിന് ആവശ്യമായ വിവിധ കേബിളുകൾ കമ്പനി ലഭ്യമാക്കുന്നുണ്ട്. ഏറ്റവും ഗുണമേന്മയുള്ള കോപ്പർ, പി.വി.സി. എന്നീ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് ഗുണമേന്മയുള്ള കേബിളുകൾ ട്രാക്കോ കേബിൾ കമ്പനി ഉത്തരവാദിത്വത്തോടു കൂടി നിർമ്മിച്ചുവരുന്നതിനാൽ ഉപഭോക്താക്കൾക്ക് പവർ |

| | | | |
|---|---|---|---|
| | | | സേവിങ്, മണി സേവിങ്, മെയിന്റെൻസ് ഫ്രീ എന്നിവ ഉറപ്പ് നൽകുന്നു. |
| (ഡി) | പ്രസ്തുത കമ്പനി വിപുലപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ? | (ഡി) | ട്രാക്കോ കേബിൾ കമ്പനിയിൽ 16 കോടി രൂപ മുതൽ മുടക്കി 66 KV വരെയുള്ള XLPE ഭൂഗർഭ കേബിളുകൾ ഡ്രൈക്യൂവർ എന്ന സാങ്കേതിക വിദ്യ ഉപയോഗിച്ച് ഉൽപാദിപ്പിക്കുവാനുള്ള പ്രോജക്ടിന് അംഗീകാരം നൽകിയിട്ടുണ്ട്. ഇതിന്റെ ആദ്യപാദ ചെലവിനായി 2021-22 വർഷത്തെ ബഡ്ജറ്റിൽ 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ മാസ്റ്റർ പ്ലാനിൽ വ്യവസ്ഥ ചെയ്തതു പ്രകാരം 2022-2030 വരെ വിഭാവനം ചെയ്തിട്ടുള്ള ആധുനികവൽക്കരണ / വിപുലീകരണ / വൈവിദ്ധ്യവൽക്കരണ പദ്ധതികൾ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ